

# വി.കെ ഹാരിസ്

**സുഹൃത്തുക്കൾക്കും** പ്രസ്ഥാന പ്രവർത്തകർക്കുമിടയിൽ നർമത്തിൽ ചാലിച്ച സംസാരവും ചടുലമായ പ്രവർത്തനവുമായി എപ്പോഴും ആവേശം പകർന്നുതന്നിരുന്ന വ്യക്തിയായിരുന്നു മലപ്പുറം ജില്ലയിലെ കൊടിഞ്ഞി സ്വദേശിയായ വി.കെ ഹാരിസ് (35). കഴിഞ്ഞ ജനുവരിയിൽ സുഊദിയിലെ മഹായിൽ വെച്ച് സഹോദരനോടൊപ്പം യാത്ര ചെയ്തുകൊണ്ടിരിക്കെ സംഭവിച്ച അപകടത്തിൽ അല്ലാഹുവിലേക്ക് യാത്രയാവുകയായിരുന്നു. വിദേശത്ത് പോവുന്നതിന് മുമ്പ് പഠനകാലത്തും അതിന് ശേഷവും എസ്.ഐ.ഒവിന്റെയും സോളിഡാരിറ്റിയുടെയും പ്രാദേശിക ഘടകങ്ങളിൽ സജീവ സാന്നിധ്യമായിരുന്ന അദ്ദേഹം വിദേശത്തും സ്വന്തമായ വ്യക്തിമുദ്ര പതിപ്പിച്ചിരുന്നു. മഹായിൽ തനിമ യൂണിറ്റ് പ്രസിഡന്റായി പ്രവർത്തിച്ചിട്ടുണ്ട്. ആളുകളുമായി പരിചയം സ്ഥാപിക്കുക എന്നത് ഹാരിസിന്റെ പതിവുശീലമായിരുന്നു. സൗഹൃദം സ്ഥാപിച്ച വ്യക്തികളുമായി നിരന്തരം ബന്ധം നിലനിർത്താനും പ്രത്യേകം ശ്രദ്ധിച്ചിരുന്നു. എല്ലാ വിശേഷ ദിവസങ്ങളിലും ഹാരിസിന്റെ ഫോൺകാൾ ഒരു പ്രാവശ്യമെങ്കിലും നാട്ടിലെ സുഹൃത്തുക്കളെ തേടിയെത്തും. കഴിഞ്ഞ ജനുവരിയിൽ ശാന്തപുരം അൽ ജാമിഅയുടെ സനദ്ദാന സമ്മേളനത്തോടനുബന്ധിച്ച് നടന്ന പൂർവവിദ്യാർഥി സംഗമത്തിലിരിക്കുമ്പോഴാണ് ഈയുള്ളവനുമായും ശാന്തപുരം കോളേജിൽ പഠിച്ച മറ്റു സുഹൃത്തുക്കളുമായും ഹാരിസ് അവസാനമായി സൗഹൃദം പങ്കിട്ടത്.

യോഗങ്ങളിലും മറ്റു പരിപാടികളിലും ഹാരിസെടുക്കുന്ന ഖുർആൻ ദർസോ സ്റ്റഡീ ക്ലാസോ അധികവും തർബിയ്യത്തുമായോ പരലോകവുമായി ബന്ധപ്പെട്ടതോ ആയിരിക്കും. ഒരിക്കലും നിരാശ ഹാരിസിനെ ബാധിച്ചിരുന്നില്ല. ഒരു കലാകാരൻ കൂടിയായ ഹാരിസിന് സമ്മേളനങ്ങളും കാമ്പയിനുകളും ആവേശമായിരുന്നു. ചുമരെഴുത്തും ബാനറെഴുത്തും ആവേശത്തോടെ അദ്ദേഹം ഏറ്റെടുക്കും. പ്രസ്ഥാനത്തിന് വേണ്ടി സമർപ്പിച്ച ഒരു വലിയ കുടുംബത്തിലെ കണ്ണികൂടിയാണ് ഹാരിസ്. അദ്ദേഹവുമായി ഇടപെട്ട ഓരോരുത്തർക്കും ഇത്തരം മധുര സ്മരണകൾ ഉണ്ടാവും. ഈ ചെറിയ കാലയളവിൽ ഒരുപാട് ജീവിത പാഠങ്ങൾ ബാക്കിയാക്കിയാണ് രണ്ട് പിഞ്ചുമക്കളുടെ പിതാവു കൂടിയായ ഹാരിസ് യാത്രയായത്.

**കെ. മുഹമ്മദ് ഫാഹിസ്**



# കെ. കോയക്കുട്ടി

**കറുമണ്ണിൽ** കോയക്കുട്ടി ഹാജി (72) ഇസ്‌ലാമിക പ്രസ്ഥാനത്തെ സ്നേഹിച്ചിരുന്ന വ്യക്തിയായിരുന്നു. അദ്ദേഹം പ്രസ്ഥാനത്തിന്റെ ഓരോ ചലനവും, ചുവട് വെപ്പുകളും മനസ്സിലാക്കുകയും അതിന്റെ പുരോഗതിയിൽ അഭിമാനം കൊള്ളുകയും ചെയ്തിരുന്നു. വ്യക്തി സംഭാഷണത്തിൽ അക്കാര്യം അദ്ദേഹം ഞങ്ങളെ ഉണർത്തുകയും ചെയ്യുമായിരുന്നു. പ്രദേശത്തെ അഭിമാനസ്തംഭമായ മസ്ജിദുൽ ഹുദായുടെയും, അതിന്റെ കീഴിൽ നടന്നുകൊണ്ടിരിക്കുന്ന മദ്റസയുടെയും, സാംസ്കാരിക പ്രവർത്തനങ്ങളിലും അദ്ദേഹം സജീവമായി പങ്കുവഹിച്ചിരുന്നു. ഭാര്യ ഫാതിമ ടീച്ചർ. മക്കൾ അമീർ, ആരിഫ, ബുഷ്റ, അജ്മൽ.

**സി. കോയാമു കുഴിപ്പുറം**

# ഇയ്യാത്തുമ്മ

**വിനയം,** ലാളിത്യം, സൗമ്യത തുടങ്ങിയ സൽഗുണങ്ങളുടെ ഉടമയായിരുന്നു, വിദ്യാനഗർ വനിത ഹൽഖയിലെ ഏറ്റവും പ്രായമേറിയ വ്യക്തിത്വവും ഞങ്ങളുടെ എല്ലാവരുടെയും ഉമ്മയുമായ ഇയ്യാത്തുമ്മ. ഹാജിസാഹിബിന്റെ കൂടെയുണ്ടായിരുന്ന ആദ്യകാല പ്രവർത്തകരിലൊരാളും എടയൂർ ജമാഅത്തെ ഇസ്‌ലാമി പ്രസ്സിലെ ജീവനക്കാരനുമായ മർഹൂം ബാവസാഹിബായിരുന്നു ഇയ്യാത്തുമ്മയുടെ ഭർത്താവ്. പ്രായത്തിന്റെ അവശത അവഗണിച്ചും മരിക്കുന്നതിന്റെ ഏതാനും മാസം മുമ്പുവരെ അവർ ഹൽഖയിലെ സജീവ സാനിധ്യമായിരുന്നു.

ജീവിത പ്രതിസന്ധികളിൽ അവർ കാണിച്ച് അസാമാന്യമായ ക്ഷമയും സ്വന്തം ആവശ്യങ്ങൾ പൂർത്തിയാവാതിരിക്കെ ദാനധർമങ്ങളിൽ കാണിച്ച ഉദാരതയും ഏവർക്കും മാതൃകയായിരുന്നു.

**ജമീലാ ഫൈസൽ എടയൂർ**

*അല്ലാഹുവേ, പരേതരെ മഗ്ഫിറത്തും മർഹമത്തും നൽകി അനുഗ്രഹിക്കേണമേ - ആമീൻ*